പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2878

10.12.2014-ലെ മറുപടിയ്ക്ക്

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>**ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| (എ) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകൾ ഏതെല്ലാം; വിശദമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതികളുടെ കാലാവധി എത്ര; ഏത് ഏജൻസിയെയാണ് പണികൾ ഏൽപിച്ചിരിക്കുന്നത്; എന്ത് തുകയ്ക്കാണ് പണികൾ ഏൽപ്പിച്ചിട്ടുള്ളത്; നിർവ്വഹണ ചുമതല ആർക്കാണ്; വ്യക്തമാക്കാമോ; | **(എ) യും (ബി) യും**<br>തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ വഴി ടൂറിസം വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്താനും അപാകതയുണ്ടെങ്കിൽ പരിഹരിക്കാനും ചുമതലപ്പെട്ട ഡി.ടി.പി.സി. ചെയർമാൻ, സെക്രട്ടറി എന്നിവർ പദ്ധതി പുരോഗതി വിലയിരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; പദ്ധതികൾ ലക്ഷ്യം കാണാതെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കുമോ? | (സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചെയർമാൻ. സെക്രട്ടറി എന്നിവർ പദ്ധതി പ്രദേശം സന്ദർശിക്കുകയും നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന ആക്കുളം ടൂറിസ്റ്റ് വില്ലേജ് ഒഴികെയുള്ളവ പ്രവർത്തന ക്ഷമമാണ്. |

സെക്ഷൻ ഓഫീസർ